LIGHTED TO LIGHTEN

# സെഹിയോൻ

## ബുള്ളറ്റിൻ

ഒക്ടോബർ • നവംബർ • ഡിസംബർ 2023



**സെഹിയോൻ മാർത്തോമ്മാ ഇടവക**

**ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135**

**Rev. Thomas Mathew**, Mob: **9745153653**, www.amalloorsehionmtc.org

## ഞായറാഴ്ച്ചകളിലെ പാഠം വായനാഭാഗങ്ങൾ

| തീയതി | ഒന്നാം പാഠം | രണ്ടാം പാഠം | ലേഖനം | ഏവൻഗേലിയോൻ |
|---|---|---|---|---|
| **ഒക്ടോബർ** | | | | |
| 1 ഞായർ | യെശ. 49:1-6 | അ.പ്ര. 16:19-34 | ഗലാ. 1:11-17 | ലൂക്കോസ് 12:41-48 |
| 8 ഞായർ | യെശ. 35:1-10 | അ.പ്ര. 14:1-10 | 1 തെസ്സ. 5:12-22 | ലൂക്കോസ് 14:12-14 |
| 15 ഞായർ | ദാനി. 1:11-17 | 1 പത്രോ. 3:13-18 | 1 തിമൊ. 4:11-16 | മത്തായി 7:21-27 |
| 22 ഞായർ | യോശു. 24:14-22 | അ.പ്ര. 10:1-8 | എഫെ. 5:21-33 | ലൂക്കോസ് 10:38-42 |
| 29 ഞായർ | ഉൽപ. 45:1-15 | 1 കൊരി. 6:1-11 | 2 കൊരി. 5:16-21 | മത്തായി 22:34-40 |
| **നവംബർ** | | | | |
| 5 ഞായർ | സദൃ. 3:1-8 | 1 യോഹ. 3:1-12 | എഫെ.6:1-4 | യോഹന്നാൻ 6:1-14 |
| 12 ഞായർ | യോശു. 22:21-29 | എഫെ. 4:1-7 | 1 കൊരി. 12:12-27 | യോഹന്നാൻ 10:11-18 |
| 19 ഞായർ | ന്യായാ. 13:2-14 | എബ്രാ. 6:9-12 | എബ്രാ. 11:6-12 | ലൂക്കോസ് 1:5-23 |
| 26 ഞായർ | സെഖ. 2:10-13 | റോമ. 1:1-7 | 1 കൊരി. 1:26-31 | ലൂക്കോസ് 1:26-38 |
| **ഡിസംബർ** | | | | |
| 3 ഞായർ | ഉൽപ. 33:1-15 | 2 കൊരി. 1:3-10 | റോമ. 15:5-9 | ലൂക്കോസ് 1:39-45 |
| 10 ഞായർ | മലാഖി 3:1-4 | അ.പ്ര. 13:17-26 | 1 കൊരി. 4:1-6 | ലൂക്കോസ് 1:57-66 |
| 17 ഞായർ | സെഫ. 3:14-20 | 1 കൊരി. 13:1-13 | റോമ. 14:13-19 | മത്തായി 1:18-23 |
| 21 വ്യാഴം | യോവേൽ 2:11-17 | റോമ. 12:3-18 | 1 കൊരി. 3:1-9 | യോഹന്നാൻ 20:24-29 |
| 24 ഞായർ | യെശ. 11:1-9 | 1 യോഹ. 4:7-16 | അ.പ്ര. 3:19-26 | യോഹന്നാൻ 1:14-18 |
| 25 തിങ്കൾ | മീഖാ. 5:1-9 | ഫിലി. 2:5-11 | ഗലാ. 4:1-7 | ലൂക്കോസ് 2:1-14 |
| 31 ഞായർ | 1 ശമു. 7:1-12 | വെളി. 21:1-8 | റോമ. 8:31-39 | മത്തായി 5:1-12 |

LIGHTED TO LIGHTEN

# ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ചർച്ച്

## സെഹിയോൻ ബുള്ളറ്റിൻ

ഒക്ടോബർ ▸ നവംബർ ▸ ഡിസംബർ

2023



# വികാരിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

“അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ” (മത്തായി 5:16).

നമ്മെക്കുറിച്ചുള്ള ദൈവിക ഉദ്ദേശം ക്രിസ്തുവിന്റെ സാക്ഷികൾ ആവുക എന്നതാണ്. സാക്ഷ്യം വാക്കിനാലല്ല പ്രവർത്തിയിൽ വെളിപ്പെടേണം എന്ന് കർത്താവ് പർവ്വത പ്രസംഗത്തിൽ നമ്മെ പഠിപ്പിക്കുന്നു. ദൈവം നല്ലത് എന്ന് കണ്ടതും സ്നേഹിച്ചതുമായ ഈ ലോകത്തിലെ എല്ലാ മേഖലകളിലും യേശുവിന്റെ ഭാവം ഉൾക്കൊണ്ട് സാക്ഷികളാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഒക്ടോബർ മാസത്തിൽ ഒന്നാം ഞായറാഴ്ച സന്നദ്ധ സുവിശേഷക സംഘദിനമായി സഭ ആചരിക്കുന്നു. മൂന്നാം ഞായറാഴ്ച യുവജന ഞായറാഴ്ചയാണ് യൗവ്വനക്കാരുടെ മാതൃകയായി കാണേണ്ടത് ക്രിസ്തുവിനെയാണ്. ദൈവ ഇഷ്ടം സഫലമാകാൻ സ്വന്ത ജീവനെ സമർപ്പിച്ചവനാണ് യേശുക്രിസ്തു. ഒക്ടോബർ നാലാം ഞായറാഴ്ച ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനമാണ്. ദൈവം മനുഷ്യനുവേണ്ടി നൽകിയ ദിവ്യദാനമാണ് കുടുംബം. കുടുംബം ദൈവീക പദ്ധതിയാണ്. “സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു” (മത്തായി 12:50). നമ്മുടെ കുടുംബങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ച് ആ വലിയ കുടുംബത്തിന്റെ അംഗത്വത്തിലേക്ക് പ്രവേശിക്കാം. അഞ്ചാം ഞായറാഴ്ച കുമ്പസാരം എന്ന കൂദാശയെക്കുറിച്ച് പഠിക്കുന്ന സമയമാണ്. നവംബർ മാസം സഭയുടെ ശുദ്ധീകരണം പുതുക്കം എന്നിവ ചിന്തിക്കുന്നു. തുടർന്ന് അറിയിപ്പുകളുടെ കാലമാണ്. ഡിസംബർ 1 മുതൽ 25 വരെ നോമ്പാചരണമാണ്. പുതുക്കത്തോട് തിരുജനനം ആഘോഷിക്കാനായി കാത്തിരിക്കുന്ന കാലം. ദൈവം ലോകത്തെ സ്നേഹിച്ചതിന്റെ അടയാളമാണ് ക്രിസ്തുമസ്. ശാസ്ത്രവും സാങ്കേതിക വിദ്യയും വളർന്നു. പക്ഷെ ശാന്തിയും സമാധാനവും കൈവരിക്കുവാൻ അവയ്ക്ക് ഒന്നിനും സാധിക്കില്ല. വർണ്ണാഭമായ അലങ്കാരം, സമ്മാനം, വിരുന്ന്, ആശംസകൾ, ആഘോഷങ്ങൾ ഇവയ്ക്കിടയിൽ ക്രിസ്തുവിനെയും അവൻ കാണിച്ചു തന്ന താഴ്മ, ത്യാഗം, സ്നേഹം ഇവ വിസ്മരിക്കപ്പെടുന്നില്ലേ? പുൽക്കൂട്ടിലെ യേശു ഹൃദയത്തിൽ പിറക്കണം. അപ്പോൾ വിദ്വേഷം മാറി സ്നേഹം ഉണ്ടാകും. എല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം

**ജോസിയച്ചൻ**

# ആരാധനയിലെ അടയാളങ്ങളും പ്രതീകങ്ങളും
## (Signs & Symbols)

**കബലാന: Kabalana [syriac] meaning to cover (മൂടി)**

Two richly embroidered cloths used for covering the Paten and Chalice. The covering over the Paten has embroiderly depicting Stalks with wheat grains (Bread). The covering over the Chalice has embroiderly depicting grape clusters [wine].

കാസ്സായും (വീഞ്ഞ് ഒഴിച്ചുവയ്ക്കുന്ന പാത്രം) പീലാസ്സായും (അപ്പം എടുത്തു വയ്ക്കുന്ന പാത്രം) മൂടി വയ്ക്കുന്ന ചിത്ര തൈയ്യലുള്ള തുണിയാണ് കബലാന. കാസ്സായുടെ മുകളിലുള്ള മൂടിയിൽ മുന്തിരി കുലയുടെ ചിത്രവും പീലാസ്സായുടെ മൂടിയിൽ ഗോതമ്പ് കതിരിന്റെ ചിത്രവും നെയ്തിട്ടുണ്ടാകും.

**തർവോദോ**: (Syriac) meaning - Spoon. It is a spoon used to serve the consecrated wine. വാഴ്ത്തിയ വീഞ്ഞ് കൊടുക്കുവാനായി ഉപയോഗിക്കുന്ന സ്പൂണിന് പറയുന്ന സുറിയാനി പേരാണ് തർവോദോ. കൊടിൽ എന്നും ഇതിന് അർത്ഥമുണ്ട്. യെശയ്യാ 6:6–7 ലെ ദർശനത്തിലെ കൊടിലിന്റെ പ്രതീകമായി ഇതിനെ കാണുന്നു.

**ഗമുറോ/ഗ്മുർത്തോ: തീക്കട്ട (ചെറിയ തലയിണ)** ESPUGO - a small red cushion.

ക്രിസ്തുവിന്റെ രക്തത്തിന്റെ അടയാളമായ വീഞ്ഞ് നൽകുവാൻ ഉപയോഗിക്കുന്ന സ്പൂൺ വയ്ക്കുന്ന ചെറിയ ഒരു തലയിണയാണ് ഇത്. വിരിക്കൂട്ടിന്റെ വലതു വശത്ത് മുകളിലായി ഇത് വയ്ക്കുന്നു.

The Tarvodo is usually placed on the Espugo.

**മ്ശംശാനീസോ (Finger Bowl)** : കുർബ്ബാന വീഞ്ഞിൽ ചേർക്കാനായി വെള്ളം സൂക്ഷിച്ചു വയ്ക്കുന്ന പാത്രം.

**ശോശപ്പ (Veil):**

വിശുദ്ധ കുർബ്ബാനയ്ക്ക് അപ്പവീഞ്ഞുകൾ ഒരുക്കിവെച്ചു കഴിയുമ്പോൾ കാസായും പീലാസായും ഒന്നിച്ച് മൂടുവാൻ ഉപയോഗിക്കുന്ന ചിത്ര തയ്യലുള്ള വെള്ള തുണിയാണ് ശോശപ്പ. ദൈവ തേജസിന്റെ പ്രതീകമാണത്. ഇത് വിരിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന 'മഹത്വമുള്ളവന്റെ തേജസ്സുകൊണ്ട് ആകാശം മൂടിയിരിക്കുന്നു. അവന്റെ മഹത്വം സൃഷ്ടി മുഴുവനിലും നിറഞ്ഞിരിക്കുന്നു' എന്നാണ്. പട്ടംകൊട ശുശ്രൂഷയിൽ കാർമ്മികൻ ഏവൻഗേലിയോൻ വായിക്കുമ്പോൾ പട്ടം കെട്ടപ്പെടുന്നവരുടെ തലയിൽ ശോശപ്പകൊണ്ട് മൂടുന്നു. ദൈവിക തേജസ്സ് വന്ന് മൂടുന്നതിന്റെ പ്രതീകമാണിത്. ശോശപ്പായുടെ മധ്യത്തിൽ കുരിശിന്റെ രൂപമോ പ്രാവിന്റെ രൂപമോ ഉണ്ടായിരിക്കും.

ശവശരീരത്തിൽ ആദരാഞ്ജലി അർപ്പിക്കുമ്പോൾ നീളം കൂടിയ ശോശപ്പ ഇടുന്ന പതിവും ഉണ്ട്. യേശുവിന്റെ കബറിടത്തിന്റെ മൂടിയാണ് എന്നും വ്യാഖ്യാനിക്കുന്നവർ ഉണ്ട്.

## Elements of Baptism:

**Water:** Water plays an important role in this sacrament. It washes away our sins and immersion or sprinkling marks the death of the old nature with Christ.

**Holy Chrism (Mooron):** This oil is used to anoint the Candidate as sign of anointing with the Holy Spirit. സ്നാപന സമയത്ത് അല്ലാതെ ദൈവാലയ കൂദാശ സമയത്ത് ദൈവാലയം, മദ്ബഹാ, ത്രോണോസ്, തബലീത്ത, മാമ്മോദീസ തൊട്ടി എന്നിവ കൂദാശ ചെയ്യുവാൻ മൂറോൻ ഉപയോഗിക്കുന്നു. Mooron signifies the gift of the Holy Spirit. It is used to consecrate some one or some thing to God's Service. It is used in the administration of the sacraments of Baptism, Confirmation and Holy Orders, in the consecration of Churches, althar and baptismal font.

**Sythe [Olive Oil]:** This oil is used to give assurance of healing. Through baptism, candidate is grafted into the life of Jesus Christ, the true Olive. (Romans 11: 17-22) സ്നാപന സമയത്തും, ഭവന വാഴ്വിന്റെ സമയത്തും രോഗിയായിരിക്കുമ്പോൾ ഉള്ള തൈലാഭിഷേക സമയത്തും സൈത്ത് ഉപയോഗിക്കുന്നു.

Baptism is a sacrament which communicates the truth that, Jesus Christ came to the world and gave His life for our sins and whosoever acknowledges Him as Lord shall have eternal life. Baptism is our identification with His death, burial and resurrection. (Romans 6: 3-5)

**Mamodeesa (Syriac word)**

**Baptisso** (Greek word) which means sprinkle, immerse, wash or bath.

Holy Baptism is a dominical sacrament as it was commanded by Jesus Christ Himself. (Matthew 28:19).

Mar Thoma Church practices two types of Baptism:

1. Infant Baptism - for Children of believing parents
2. Believer Baptism - for non Christians who believe in Lord Jesus Christ as Saviour and confess their faith in Him.

**Baptismal font: (മാമ്മോദീസ തൊട്ടി)** It is an actual vessel where the water of baptism is poured or contained. Baptismal font is the spiritual womb where the believers take birth. It reminds about the act of saving through the crucifixion of Jesus. Baptism is done in front of the Madbaha/Holy Sanctuary. മാമ്മോദീസ തൊട്ടിയുടെ സ്ഥാനം പടിഞ്ഞാറെ വാതിലിൽ കൂടി കയറുമ്പോൾ വലതു വശത്തായിട്ടാണ്.

**സ്നാനം അഥവ മാമോദീസ അഥവ Baptism എന്തിനുവേണ്ടി?**

| | |
|---|---|
| ഗലാ: 3: 27 | യേശുവിനോട് ചേരുവാൻ |
| റോമ: 6: 3–5 | യേശുവിന്റെ മരണത്തോടും പുനരുദ്ധാനത്തോടും പങ്കാളികളാവാൻ |

| | |
|---|---|
| 1കോരി: 12:12 | ക്രിസ്തുവിന്റെ ശരീരമായ സഭയോട് ചേരുവാൻ |
| 1 പത്രോ: 3: 21 | ദൈവത്തോട് നല്ല മനഃസാക്ഷിക്കായുള്ള അപേക്ഷയാണ്, പ്രാർത്ഥനയാണ്. |

ഈ പങ്കുചേരൽ ഒരു പ്രാവശ്യം മാത്രമാണ് (എഫെ:4:5). മർക്കോ: 16:15,16 – വിജാതീയ പശ്ചാത്തലത്തിൽ [Gentile context or Missionary context] (ക്രിസ്ത്യാനികൾ ആരും ഇല്ലാത്ത പശ്ചാത്തലത്തിൽ സുവിശേഷം പ്രസംഗിക്കുമ്പോൾ ആളുകൾ വിശ്വസിക്കും, വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തും. അക്രൈസ്തവരെ സംബന്ധിച്ച് ആദ്യം വിശ്വസിക്കണം, സ്നാനപ്പെട്ടു സഭയോട് ചേരണം. എന്നാൽ സഭയ്ക്കുള്ളിൽ സ്നാപനം, പിന്നെ വിശ്വാസം. മത്തായി 28:19. സഭയിൽ ശിശുക്കൾക്ക് സ്നാപനം നൽകുന്നു. തുടർന്ന് ആരാധനയിലൂടെയും, കൂട്ടായ്മകളിലൂടെയും, ദൈവവചന പഠനത്തിലൂടെയും വിശ്വാസത്തിൽ വളരുന്നു.

ബൈബിളിൽ പറയുന്ന വിശ്വസിച്ച് സ്നാനമേറ്റവർ എല്ലാം യഹൂദന്മാരോ, യവനന്മാരോ, വിജാതീയരോ, പുറജാതിക്കാരോ ആയിരുന്നു. ക്രിസ്ത്യാനികളെയോ ക്രിസ്ത്യാനികളുടെ മക്കളെയോ സ്നാപനം നടത്തിയ വിവരം ബൈബിളിൽ ഇല്ല. വിശ്വാസികളായ മാതാപിതാക്കളുടെ മക്കൾ വിശുദ്ധരാണ്. അവർ പുറജാതിക്കാരല്ല. 1 കൊരി 7:14, ദമ്പതികളിൽ ഒരാൾ വിശ്വാസിയും മറ്റേയാൾ അവിശ്വാസിയും ആണെങ്കിൽ പോലും മക്കൾ വിശുദ്ധരാണ് എന്ന് പൗലോസ് പറയുന്നു.

(തുടരും...)

**ജോസിയച്ചൻ**

## സഭാ വിശേഷദിവസങ്ങൾ

| മാസം | തീയതി | ദിവസം | വിശേഷങ്ങൾ |
|---|---|---|---|
| ഒക്ടോബർ | 1 | ഞായർ | സന്നദ്ധ സുവിശേഷക സംഘദിനം |
| " | 15 | ഞായർ | യുവജന ഞായർ |
| " | 22 | ഞായർ | ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനം |
| നവംബർ | 5 | ഞായർ | അഖിലലോക സണ്ടേസ്കൂൾ ദിനം |
| ഡിസംബർ | 1 | വെള്ളി | ഇരുപത്തിയഞ്ച് നോമ്പ് ആരംഭം |
| " | 3 | ഞായർ | വേദപുസ്തക ഞായർ |
| " | 10 | ഞായർ | യോഹന്നാൻ സ്നാപകന്റെ ജനനം |
| | 21 | വ്യാഴം | മാർത്തോമ്മാ സഭാ ദിനം |
| | 24 | ഞായർ | രക്ഷകന്റെ ആഗമനം |
| | 25 | തിങ്കൾ | ജനനപ്പെരുന്നാൾ |
| | 31 | ഞായർ | ക്രിസ്തുവിനോടൊപ്പം പുതുവത്സരത്തിലേക്ക് |

# ഇടവക വാർത്തകൾ

**കൈസ്ഥാന സമിതി റിട്രീറ്റ്:** 2023 ജൂലൈ 17, 18 തീയതികളിൽ കൈസ്ഥാന സമിതി റിട്രീറ്റ് കോഴിക്കോട് മാർത്തോമ്മാ ഹോസ്പിറ്റൽ ഗൈഡൻസ് സെന്ററിൽ വെച്ച് നടത്തപ്പെട്ടു. റവ. സിജു ജേക്കബ്, ഡയറക്ടർ, കോഴിക്കോട് മാർത്തോമ്മാ ഹോസ്പിറ്റൽ ഗൈഡൻസ് സെന്റർ റിട്രീറ്റിന് നേതൃത്വം നൽകി.

**അനുമോദനം:** 2023 ജൂലൈ 23-ാം തീയതി വൈദിക ശുശ്രൂഷയിൽ മൂന്നു പതിറ്റാണ്ട് (30 വർഷം) പൂർത്തീകരിച്ച പ്രിയ തോമസ് മാത്യു അച്ചന് ആഗസ്റ്റ് 6-ാം തീയതി ഞായറാഴ്ച ആരാധനയോടനുബന്ധിച്ച് ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ഇടവക ആശംസകൾ അറിയിക്കുകയും അനുമോദിക്കുകയും ചെയ്തു. ഇടവക വൈസ് പ്രസിഡന്റ് പ്രൊഫ. സാംജി തോമസ് ഇടവകയ്ക്കുവേണ്ടി അഭിനന്ദനവും ആശംസയും അറിയിക്കുകയുണ്ടായി. തുടർന്ന് റവ. കുരുവിള ഫിലിപ്പ് ആശംസകൾ അറിയിച്ച് ഇടവകയുടെ മെമന്റോ റവ.തോമസ് മാത്യു അച്ചന് നൽകി ആദരിച്ചു.

അതോടൊപ്പം തന്നെ 2023-2026 വർഷത്തേക്കുള്ള നിരണം- മാരാമൺ ഭദ്രാസന കൗൺസിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ട ഇടവക വികാരി റവ. തോമസ് മാത്യു അച്ചനെ ഇടവക സെക്രട്ടറി ഇടവകയുടെ അഭിനന്ദനങ്ങൾ അറിയിച്ചു.

**സ്വാതന്ത്ര്യ ദിനാചരണം:** 2023 ആഗസ്റ്റ് 15-ാം തീയതി രാവിലെ 8 മണിക്ക് റവ. കുരുവിള ഫിലിപ്പ് അച്ചന്റേയും ഇടവക ചുമതലക്കാരുടെയും, യുവജനസഖ്യം അംഗങ്ങളുടെയും, സഖ്യം സ്നേഹിതരുടെയും സാന്നിധ്യത്തിൽ ഇടവക വികാരി റവ. തോമസ് മാത്യു ദേശീയ പതാക ഉയർത്തി സ്വാതന്ത്ര്യ ദിനാഘോഷത്തിന് തുടക്കം കുറിച്ചു. യുവജനസഖ്യം അംഗങ്ങൾ മധുരം വിതരണം ചെയ്ത് സന്തോഷം പങ്കിട്ടു.

**വയോജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക വിശുദ്ധ കുർബ്ബാന:** സെപ്റ്റംബർ 15-ാം തീയതി രാവിലെ 8 മണിക്ക് സീനിയർ സിറ്റിസൺസിന് വേണ്ടി ഒരു പ്രത്യേക വിശുദ്ധ കുർബ്ബാന ശുശ്രൂഷ നടത്തി. സാധാരണ ഞായറാഴ്ചകളിലെ വിശുദ്ധ കുർബ്ബാന ശുശ്രൂഷയിൽ പങ്കെടുക്കാൻ കഴിയാത്ത പലർക്കും തിരുമേശയിൽ പങ്കാളികളാകാൻ കഴിഞ്ഞു. വന്ന് സംബന്ധിച്ചവർക്കുവേണ്ടി പ്രഭാതഭക്ഷണവും ഒരുക്കിയിരുന്നു.

**വയോജന ഞായർ :** സെപ്റ്റംബർ 17-ാം തീയതി ഞായറാഴ്ച സീനിയർ സിറ്റിസൺസ് ദിനം ആയി ആചരിക്കുകയും ആരാധനാ സഹായ ക്രമീകരണങ്ങളിൽ സീനിയർ സിറ്റിസൺസ് നേതൃത്വം നൽകുകയും ചെയ്തു. ബ്ര. കോശി ജോൺസൻ വചന ശുശ്രൂഷ നടത്തി.

**സായാഹ്ന കൂട്ടായ്മ:** 2023 സെപ്റ്റംബർ മാസം മുതൽ 'സായാഹ്ന കൂട്ടായ്മ' എന്ന പേരിൽ ഒരു അനൗപചാരിക കൂട്ടായ്മ തിങ്കൾ, ബുധൻ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങളിൽ വൈകിട്ട് 5 മണി മുതൽ 6.30 വരെയുള്ള സമയത്ത് ദേവാലയത്തിനു പുറത്തുള്ള ഹാളിൽ കൂടി വരുന്നു.

**ആദരാഞ്ജലികൾ**

1. കുന്നത്തുപറമ്പിൽ സണ്ണി വില്ലയിൽ പുന്നൂസ് ഏബ്രഹാം (74) 2023 ജൂലൈ 4–ാം തീയതി നിര്യാതനായി.
2. പടിഞ്ഞാറേകാലായിൽ സൂസൻ ചാക്കോ (88) 2023 ആഗസ്റ്റ് 7–ാം തീയതി നിര്യാതയായി.
3. വടക്കേത്ത് സുനിത റേച്ചൽ ഏബ്രഹാം (49) 2023 ആഗസ്റ്റ് 19–ാം തീയതി നിര്യാതയായി.

നിര്യാതരായ പ്രിയ ഇടവകാംഗങ്ങളുടെ ദേഹവിയോഗത്തിൽ ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ഇടവകയുടെ ആദരാഞ്ജലികൾ.

**വിശുദ്ധ വിവാഹം**

പതാലിൽ ശ്രീ മാത്യു ചെറിയാന്റെയും ശ്രീമതി മറിയാമ്മ മാത്യുവിന്റെയും മകൻ സിബി മാത്യു, രക്ഷിതാക്കളായ നവജീവോദയം ഡോ. ജോർജ്ജ് ചെറിയാന്റെയും ശ്രീമതി സൂസൻ ജോർജ്ജിന്റെയും സംരക്ഷണയിലുള്ള മഞ്ജുള എസ്.–ഉം തമ്മിലുള്ള വിശുദ്ധ വിവാഹം 2023 ഏപ്രിൽ 22–ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

മാങ്ങോട്ട് ശ്രീ ജോൺ വർഗീസിന്റെയും ശ്രീമതി ലിസി ജോണിന്റെയും മകൻ രഞ്ജിത് ജോൺ വർഗീസും നെടുമനാൽ ശ്രീ ഏബ്രഹാം നൈനാന്റെയും ശ്രീമതി അന്നമ്മ ഏബ്രഹാമിന്റെയും മകൾ കരുണ തങ്കം ഏബ്രഹാമും തമ്മിലുള്ള വിശുദ്ധ വിവാഹം 2023 ഏപ്രിൽ 24–ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

നെല്ലിമൂട്ടിൽ ശ്രീ കുരുവിള എൻ വർഗീസിന്റെയും ശ്രീമതി ഷീല കുരുവിളയുടെയും മകൻ മനീഷ് വർഗീസ് കുരുവിളയും ഡൽഹി House No. 1685 ൽ ശ്രീ തോമസ് പി ഏബ്രഹാമിന്റെയും ശ്രീമതി ബീന തോമസിന്റെയും മകൾ Ailen Thomas-ഉം തമ്മിലുള്ള വിശുദ്ധ വിവാഹം 2023 ജൂലൈ 15–ാം തീയതി കുറ്റപ്പുഴ ജെറുസലേം മാർത്തോമ്മാ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

കണ്ണോത്ത് ശ്രീ ഏബ്രഹാം വർഗീസിന്റെയും ശ്രീമതി മറിയാമ്മ വർഗീസിന്റെയും മകൻ ക്രിസ്റ്റി കെ വർഗീസും Mansfield 88 Bancroft Lane- ൽ ശ്രീ വി. ജോസഫ് ജോസഫിന്റെയും ശ്രീമതി മോളി തോമസിന്റെയും മകൾ Ann Christina Maria Joseph- ഉം തമ്മിലുള്ള വിവാഹം 2023 ജൂലൈ 22–ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

നെല്ലിമൂട്ടിൽ ശ്രീ ജോർജ്ജ് വർഗീസിന്റെയും ശ്രീമതി ആനി ജോർജ്ജിന്റെയും മകൾ മീന മറിയ ജോർജ്ജും കുഴിക്കാലാ വാഴയിൽ ശ്രീ ജോൺ വർഗീസിന്റെയും ശ്രീമതി മറിയാമ്മ വർഗീസിന്റെയും മകൻ രഞ്ജി വി വർഗീസും തമ്മിലുള്ള വിശുദ്ധ വിവാഹം 2023 സെപ്റ്റംബർ 11–ാം തീയതി ഇലന്തൂർ മാർത്തോമ്മാ വലിയപള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

കുടുംബജീവിതത്തിലേക്ക് പ്രവേശിച്ച നവദമ്പതികൾക്ക് സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.

**വിശുദ്ധ മാമ്മോദീസ:**

1. പറപ്പള്ളിൽ ശ്രീ ജോസഫ് തോമസിന്റെയും ശ്രീമതി ഷെറിൻ തോമസിന്റെയും മകൾ Myrah Mariyam Thomas 2023 ജൂലൈ 21-ാം തീയതിയും
2. ആമ്പല്ലൂർ ശ്രീ നിഖിൽ മാത്യു തോമസിന്റെയും ശ്രീമതി റിൻസി മിറിയം ഏബ്രഹാമിന്റെയും മകൾ Isabel Miriam Nikhil 2023 ആഗസ്റ്റ് 27-ാം തീയതിയും വിശുദ്ധ മാമ്മോദീസയിലൂടെ സഭയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു. പൈതങ്ങളെ ദൈവകൃപയിൽ വളർത്തുവാൻ മാതാപിതാക്കൾക്ക് കഴിയട്ടെ എന്ന് ഇടവകയായി ആശംസിക്കുന്നു.

**ഇടവക അറിയിപ്പുകൾ:**

**ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനം:** ഒക്ടോബർ 22-ാം തീയതി ഞായാറാഴ്ച കുടുംബ പ്രതിഷ്ഠാ ദിനമായി ആചരിക്കുകയും രാവിലെ 9 മണിക്ക് വിശുദ്ധ കുർബ്ബാന ശുശ്രൂഷ ആരംഭിക്കുകയും ചെയ്യും.

**ഇടവക കൺവൻഷൻ:** നവംബർ മാസം 3,4 (വെള്ളി, ശനി) തീയതികളിൽ വൈകിട്ട് 6 മണിക്ക് പള്ളിയിൽ നടത്തപ്പെടും. റവ. എം സി സാമുവേൽ (ഇലന്തൂർ) മുഖ്യ സന്ദേശം നൽകും.

**69-ാമത് ഇടവകദിനം:** നവംബർ മാസം 5-ാം തീയതി ഞായാറാഴ്ച രാവിലെ 8 മണിക്ക് വിശുദ്ധ കുർബ്ബാന ശുശ്രൂഷ ആരംഭിക്കും. സീനിയർ വികാരി ജനറൽ വെരി റവ. ജോർജ്ജ് മാത്യു മുഖ്യ കാർമ്മികത്വം വഹിക്കും. ആദ്യ കുർബ്ബാന ശുശ്രൂഷയും ഉണ്ടായിരിക്കും. ആരാധനാമധ്യേ ഏകദിന വരുമാന സമർപ്പണവും ഉണ്ടായിരിക്കുന്നതാണ്. ആരാധനയെ തുടർന്ന് ഇടവകദിന സമ്മേളനവും നടത്തപ്പെടുന്നതാണ്.

**ആദ്യഫല സാധന ശേഖരണവും ലേലവും:** നവംബർ 19, ഡിസംബർ 3, 17 എന്നീ തീയതികളിൽ യഥാക്രമം 3, 2, 1 പ്രാർത്ഥനാ ഗ്രൂപ്പുകളുടെ ആദ്യഫല സാധന ശേഖരണവും ലേലവും നടത്തപ്പെടും. ഈ ഞായറാഴ്ചകളിൽ ആരാധന 9 മണിക്ക് ആരംഭിക്കും.

**ക്രിസ്തുമസ് കരോൾ സർവ്വീസ്:** ഡിസംബർ 23-ാം തീയതി ശനിയാഴ്ച വൈകിട്ട് 6 മണിക്ക് ക്രിസ്തുമസ് ഗാനശുശ്രൂഷ ആരംഭിക്കും.

**ജനനപ്പെരുന്നാൾ ശുശ്രൂഷ:** ഡിസംബർ 25-ാം തീയതി തിങ്കളാഴ്ച രാവിലെ 6 മണിക്ക് ജനനപ്പെരുന്നാൾ ശുശ്രൂഷ ആരംഭിക്കും.

**വാച്ച് നൈറ്റ് സർവ്വീസ്:** ഡിസംബർ 31-ാം തീയതി ഞായറാഴ്ച രാത്രി 10 മണിക്ക് വാച്ച് നൈറ്റ് സർവ്വീസ് ആരംഭിക്കും.

## സംഘടനാ വാർത്തകൾ

**ഇടവക മിഷൻ**

ചൊവ്വാഴ്ച്ചകളിൽ നടക്കുന്ന ഇടവക മിഷൻ മീറ്റിംഗുകളും വെള്ളിയാഴ്ചകളിൽ നടക്കുന്ന ഉപവാസ പ്രാർത്ഥനകളും മാസത്തിന്റെ നാലാം വ്യാഴാഴ്ചകളിൽ നടക്കുന്ന പെയിൻ ആൻഡ് പാലിയേറ്റീവ് സന്ദർശനവുമാണ് ഇടവക മിഷന്റെ

പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ. മാസംതോറുമുള്ള സെന്റർ മീറ്റിംഗുകളിൽ ഇടവകയിൽ നിന്നും ക്രമമായി അംഗങ്ങൾ സംബന്ധിക്കുന്നു. ജൂൺ മാസം 30–ാം തീയതി ഒരു ഉണർവ് യോഗം ക്രമീകരിച്ചു. ശ്രീ പി ജോണി (ബറോഡ) പ്രധാന പ്രാസംഗികൻ ആയിരുന്നു. സെപ്റ്റംബർ 24–ാം തീയതിയിലെ സംഘ വാര ഡെപ്യുട്ടേഷനിൽ നമ്മുടെ അംഗങ്ങൾ പങ്കെടുത്തു. സെപ്റ്റംബർ 29, 30 തീയതികളിൽ ഇടവകമിഷന്റെ നേതൃത്വത്തിലുള്ള ധ്യാനയോഗം പള്ളിയിൽ വെച്ച് നടത്തപ്പെട്ടു . സെപ്റ്റംബർ 22, വെള്ളിയാഴ്ച "A GODLY FAMILY" എന്ന വിഷയവുമായി കുടുംബ ശാക്തീകരണ സെമിനാർ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. ഇടവകമിഷന്റെ വകയായി ഒരു ഫുഡ് സെയിൽ പ്രോഗ്രാമും നടത്തുവാൻ സാധിച്ചു. വെള്ളിയാഴ്ച്ചകളിലെ ഉപവാസ പ്രാർത്ഥന കൂടുതൽ അർത്ഥവത്താക്കുവാൻ, വിഷയങ്ങൾക്കായി ചെറിയ ഗ്രൂപ്പുകളായി തിരിഞ്ഞുള്ള പ്രാർത്ഥന സഹായകമാകുന്നു. സന്നദ്ധ സുവിശേഷകസംഘം നിരണം- മാരാമൺ ഭദ്രാസന ട്രഷററായി നമ്മുടെ ഇടവകമിഷൻ സെക്രട്ടറി ശ്രീ മാത്യൂസ് കെ ജോർജ്ജ് തെരഞ്ഞെടുക്കപ്പെട്ടു.

**സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്**

എല്ലാ മാസത്തിന്റെയും നാലാം ചൊവ്വാഴ്ച വൈകിട്ട് 4 .30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു. സെപ്റ്റംബർ 17–ാം തീയതി ഞായറാഴ്ച സീനിയർ സിറ്റിസൺസ് ദിനം ആയി ആചരിക്കുകയും ആരാധനാ സഹായ ക്രമീകരണങ്ങളിൽ സീനിയർ സിറ്റിസൺസ് നേതൃത്വം നൽകുകയും ചെയ്തു.

അടുത്ത മാസങ്ങളിലേക്ക് ക്രമീകരിച്ചിരിക്കുന്ന മീറ്റിംഗുകൾ :

**ഒക്ടോബർ 24 :** കണ്ണോത്ത് (കൊമ്പാടി) ശ്രീ. കെ ജി വർഗീസിന്റെ ഭവനത്തിൽ

**നവംബർ 28 :** വാനേത്ത് ശ്രീ. ജോർജ് വി. തോമസിന്റെ ഭവനത്തിൽ

**സേവികാസംഘം**

ബുധനാഴ്ചകളിൽ രാവിലെ 10.30 ന് പള്ളിയിൽ വച്ചും മാസത്തിൽ ഒരു ബുധനാഴ്ച രാവിലെ 10.30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വച്ചും മീറ്റിംഗ് നടത്തപ്പെടുന്നു. സെപ്റ്റംബർ 10 ഞായറാഴ്ച സേവികസംഘ ദിനമായും സെപ്റ്റംബർ 3 മുതൽ 9 വരെയുള്ള ആഴ്ച സേവികാസംഘ വാരമായും ആചരിച്ചു. സംഘ വാരത്തിൽ ഭവന സന്ദർശനവും നടത്തി.

ആഗസ്റ്റ് 20, ഞായറാഴ്ച, ആരാധനയ്ക്കു ശേഷം പള്ളിയിൽ വെച്ച് സേവികാസംഘത്തിന്റെ ആഭിമുഖ്യത്തിൽ ആദ്യഫല ശേഖരണവും ലേലവും നടത്തി.

**കോട്ടജ് മീറ്റിംഗുകൾ -**

**ഒക്ടോബർ 25:** നെല്ലിമൂട്ടിൽ ശ്രീമതി ആലീസ് മാത്യുവിന്റെ ഭവനത്തിൽ

**നവംബർ 22:** കണ്ണോത്ത് ശ്രിമതി മറിയാമ്മ ജോണിന്റെ ഭവനത്തിൽ

**ഡിസംബർ 20:** കരിങ്ങോട്ട് ശ്രീമതി ജുനോമ്മ ജേക്കബിന്റെ ഭവനത്തിൽ.

### യംഗ് വിമൻസ് ഫെല്ലോഷിപ്പ്

എല്ലാ മാസത്തിന്റെയും രണ്ടാം ഞായറാഴ്ച വൈകിട്ട് 5 മണിക്ക് പള്ളിയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു.

### യുവജനസഖ്യം

നാലാം ഞായറാഴ്ച ഒഴികെയുള്ള എല്ലാ ഞായറാഴ്ചകളിലും ശുശ്രൂഷാനന്തരം പള്ളിയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു.

ഓണ സമയത്ത് യുവജന സഖ്യത്തിന്റെ നേതൃത്വത്തിൽ ഉപ്പേരി സെയിൽ നടത്തപ്പെട്ടു. ഓഗസ്റ്റ് മാസം 13-ാം തീയതി ഞായറാഴ്ച ഈസ്റ്റ് സെന്റർ യുവജനസഖ്യത്തിന്റെ 2023-24 വർഷത്തെ പ്രവർത്തനോദ്ഘാടനം നമ്മുടെ പള്ളിയിൽ വെച്ച് നടന്ന സെന്റർ മീറ്റിംഗിൽ ഭദ്രാസന സെക്രട്ടറി റവ. മാത്യൂസ് എ മാത്യു നിർവഹിച്ചു. തുടർന്ന് മണിപ്പൂരിലെ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ഒരു സമാധാന റാലിയും നടത്തി.

### ഗായകസംഘം

ഗായകസംഘത്തിന്റെ ഗാനപരിശീലനം ശനിയാഴ്ചകളിൽ വൈകുന്നേരം 5 മണിക്ക് പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു.

### സണ്ടേസ്കൂൾ

ഞായറാഴ്ച രാവിലെ 7.30 ന് ക്ലാസുകൾ ആരംഭിക്കുന്നു. നവംബർ 5-ാം തീയതി സണ്ടേസ്കൂൾ ദിനമായി ആചരിക്കുന്നു. നവംബർ 19-ാം തീയതി വാർഷിക പരീക്ഷയും ഡിസംബർ 3-ാം തീയതി ബിരുദ് പരീക്ഷയും നടക്കും.

### ആരാധനാ സഹായ ക്രമീകരണങ്ങൾ

| | | |
|---|---|---|
| 01.10.2023 | ഞായർ | ഇടവക മിഷൻ |
| 08.10.2023 | ഞായർ | സണ്ടേസ്കൂൾ |
| 15.10.2023 | ഞായർ | യുവജന സഖ്യം |
| 22.10.2023 | ഞായർ | കുടുംബങ്ങൾ |
| 29.10.2023 | ഞായർ | സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് |
| 05.11.2023 | ഞായർ | സണ്ടേസ്കൂൾ |
| 12.11.2023 | ഞായർ | കൈസ്ഥാന സമിതി |
| 19.11.2023 | ഞായർ | യംഗ് വിമൻസ് ഫെലോഷിപ്പ് |
| 26.11.2023 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 1 |
| 03.12.2023 | ഞായർ | സേവികാ സംഘം |
| 10.12.2023 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 2 |
| 17.12.2023 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 3 |
| 21.12.2023 | വ്യാഴം | ഇടവക മിഷൻ |
| 24.12.2023 | ഞായർ | സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് |
| 25.12.2023 | തിങ്കൾ | യുവജന സഖ്യം |
| 31.12.2023 | ഞായർ | ഗായക സംഘം |

## ബൈബിൾ ക്വിസ് – പത്രോസ് 1 & 2

1. പത്രോസ് തന്റെ ലേഖനം എഴുതിയതിന്റെ ഉദ്ദേശം എന്ത് ?
2. യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ മാനത്തിന് കാരണമായി തീരുന്നതെന്ത്?
3. മനസ്സ് ഉറപ്പിച്ച് നിർമ്മദരായി വിശ്വാസികൾ എന്തിൽ പ്രത്യാശ വെച്ചു കൊള്ളുവാനാണ് പത്രോസ് ആഗ്രഹിക്കുന്നത് ?
4. 'നിങ്ങൾ വീണ്ടും ജീവിച്ചിരിക്കുന്നു' എന്ന് പറയുമ്പോൾ അത് എങ്ങനെ സംഭവിച്ചതായാണ് പത്രോസ് പറയുന്നത് ?
5. പത്രോസ് തന്റെ 1–ാം ലേഖനം പത്രോസിന്റേത് എന്ന് അംഗീകരിക്കപ്പെടുവാൻ 2–ാം ലേഖനത്തിലെ തെളിവ് എന്ത്?
6. അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം. ആരുടെ ഇടയിൽ ?
7. "നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വച്ചേച്ച് പോയിരിക്കുന്നു". മാതൃക എന്ത് ?
8. നമ്മുടെ പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്നവരോട് എപ്രകാരം പ്രതിവാദം പറവാനാണ് നാം ഒരുങ്ങിയിരിക്കേണ്ടത്?
9. എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കയാൽ വിശ്വാസികൾ എപ്രകാരം ആയിരിക്കണം എന്നാണ് ഉപദേശിക്കുന്നത്?
10. എല്ലാവരും കീഴടങ്ങി ധരിച്ചുകൊള്ളേണ്ടത് എന്ത്?
11. പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നതെന്ത്?
12. പ്രയാസേന രക്ഷ പ്രാപിക്കുന്നതാര്?
13. തേജസിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ച് ആനന്ദിക്കേണ്ടതിന് വിശ്വാസികൾ എന്ത് ചെയ്യണം?
14. പത്രോസ് സ്വയം പരിചയപ്പെടുത്തുവാൻ ഉപയോഗിക്കുന്ന വാക്കുകൾ എന്തെല്ലാം?
15. 'സിൽവാനോസ് ആരായിരുന്നു?
16. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ച് സംസാരിക്കുന്നത് എന്ത്?
17. ന്യായവിധി ദിവസങ്ങളിലെ ദണ്ഡനത്തിനായി കർത്താവ് കാത്തുകൊള്ളുന്നതാരെ?
18. പരിഹാസത്തോടെ അന്ത്യകാലത്ത് വരുവാൻ പോകുന്നത് ആരാണ്?
19. എന്തിലെല്ലാം നാം വളരണം എന്നാണ് പത്രോസ് ഓർപ്പിക്കുന്നത്?
20. എന്ത് വിട്ടൊഴിഞ്ഞാലാണ് നാം ദിവ്യ സ്വഭാവത്തിന് കൂട്ടാളികളായി തീരുന്നത്?

**ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2023 നവംബർ 30**

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ

1. ഹനാനിയോടും യെഹൂദയിൽനിന്ന് വന്ന പുരുഷന്മാരോടും (1:2)
2. അർഥഹ് ശഷ്ടാരാജാവ് നെഹമ്യാവിനോട് (2:2)
3. ആസാഫ് (2:8)
4. ഏല്യാശീബ് (3:1)
5. ശെമയ്യാവ്(3:29)
6. ഹനാനി (1:2)
7. ഊരിയാവിന്റെ മകൻ മെരേമോത്ത് (3:4 & 21), തെക്കോവ്യർ (3: 5 & 27)
8. കുടുംബം കുടുംബമായി ജനത്തെ വാളുകളോടും കുന്തങ്ങളോടും വില്ലുകളോടും കൂടെ നിർത്തി (4:13)
9. സൻബല്ലത്തും,തോബിയാവും,അരാബ്യരും,അമ്മോന്യരും,അസ്തോദ്യരും (4:7,8)
10. നെഹെമ്യാവ് (5:14)
11. നോവദ്യ (6: 14)
12. മതിൽ 52 ദിവസം കൊണ്ട് പണിതുതീർത്ത ദിവസം (6:15)
13. തോബിയാവ് ശെഖന്യാവിന്റെ മരുമകൻ ആയിരുന്നതുകൊണ്ടും, തോബിയാവിന്റെ മകൻ യോഹാനാൻ മെശുല്ലാമിന്റെ മകളെ വിവാഹം ചെയ്തിരുന്നതുകൊണ്ടും (6:18)
14. ഹോബയുടെ മക്കൾ, ഹക്കോസിന്റെ മക്കൾ, ബർസില്ലായിയുടെ മകൾ (7:63,64)
15. ആദ്യഫലം – പുരോഹിതന്മാർ പക്കൽ
    ദശാംശം – ലേവ്യർ പക്കൽ (10: 37, 38)
16. മത്ഥന്യാവ്(11: 17 & 12: 8)
17. സീഹയും ഗിശ്പയും (11: 21)
18. ഓനോവ് (11: 35)
19. എല്യാശീബ് പുരോഹിതൻ (13: 4)
20. 12 വാതിലുകൾ: ആട്ടിൻ വാതിൽ (3:1), മീൻ വാതിൽ (3:3), പഴയ വാതിൽ /കോൺവാതിൽ (3:6), താഴ്‌വര വാതിൽ (3:13), കുപ്പ വാതിൽ (3:14), ഉറവുവാതിൽ (3:15), നീർവാതിൽ (3:26), കുതിര വാതിൽ (3:28), കിഴക്കേ വാതിൽ (3:29), ഹമ്മീഫ്ഖാദ് വാതിൽ/പരിശോധനാ വാതിൽ (3:31), എഫ്രയീം വാതിൽ (8:16), കാരാഗ്രഹ വാതിൽ (12: 39)

**ബൈബിൾ ക്വിസ് കഴിഞ്ഞ ലക്കത്തിൽ സമ്മാനാർഹരായവർ**

1. ഡോ. മിനി ജോൺ, കുഴുവിളയിൽ ബെഥനി
2. പ്രൊഫ. സാംജി തോമസ്, മങ്ങാട്ട്

## ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ

| തീയതി | ഒന്നാം ഗ്രൂപ്പ് | രണ്ടാം ഗ്രൂപ്പ് | മൂന്നാം ഗ്രൂപ്പ് |
|---|---|---|---|
| | 4.00 പി.എം | 3.00 പി.എം | 4.00 പി.എം |
| 01.10.2023 | ഡോ.ജോർജ്ജ് സാമുവേൽ ബെഥേൽ കോട്ടേജ് | ഇ.സി. കോശി ഇലവിനാൽ | മാത്യു ഏബ്രഹാം പുതുപ്പറമ്പിൽ |
| 08.10.2023 | ജോൺ മാത്യു (ജോയ്) മഠത്തിലേട്ട് | കോശി ജോർജ്ജ് കണ്ണോത്ത് | മത്തായി വി.എം. വെട്ടോലിൽ |
| 15.10.2023 | ഫിലിപ്പ് മാത്യു (ജോർജ്ജ്കുട്ടി) മുണ്ടമറ്റം | ജോർജ്ജ് ഉമ്മൻ പ്ലാപ്പറ പുത്തൻവീട്ടിൽ | ജോൺ തുണ്ടിയിൽ ജോൺ, ഇന്റർനാഷണൽ ട്രിബ്യൂട്ട് |
| 22.10.2023 | കുടുംബദിന ഞായർ | | |
| | | | ബേബി എം പാലശ്ശേരിൽ എബനേസർ |
| 29.10.2023 | ബോബൻ മാത്യു ഞാലിലേട്ട് | തങ്കമ്മ തോമസ് വളയിൽ | കുരുവിള ഏബ്രഹാം പുതുപ്പറമ്പിൽ |
| 05.11.2023 | ഇടവക ദിനം | | |
| 12.11.2023 | ഭദ്രാസന ദിനം | | |
| 19.11.2023 | ആദ്യഫലം – മൂന്നാം ഗ്രൂപ്പ്<br>കെ.എ. വർഗ്ഗീസ്, കണ്ണോത്ത് | | |
| 26.11.2023 | സംയുക്ത പ്രാർത്ഥന – പള്ളിയിൽ– രണ്ടാം ഗ്രൂപ്പ്<br>എൻ. കെ. കുരുവിള (രാജു), നെല്ലിമൂട്ടിൽ | | |
| 03.12.2023 | ആദ്യഫലം – രണ്ടാം ഗ്രൂപ്പ് | | |
| 10.12.2023 | വർഗീസ് തോമസ് (ജോയ്) പ്ലാപ്പറ | സി.കെ.വർഗ്ഗീസ് പ്ലാക്കുഴിയിൽ | ശോശാമ്മ മാത്യു പടിഞ്ഞാറേക്കുറ്റ് |
| | | | |
| 17.12.2023 | ആദ്യഫലം – ഒന്നാം ഗ്രൂപ്പ് | | |
| 24.12.2023 | ക്രിസ്തുമസ് ഞായർ | | |
| | | ജോൺ വർഗ്ഗീസ് കണ്ണോത്ത് | |
| 31.12.2023 | വർഷാവസാന ഞായർ | | |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2024 ജനുവരി - മാർച്ച് സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടേയും സംഘടനകളുടേയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും ഡിസംബർ 15-ാം തീയതിക്കു മുമ്പായി സെക്രട്ടറിയെ ഏൽപ്പിക്കുവാൻ പ്രാർത്ഥാനഗ്രൂപ്പുകളുടേയും പോഷകസംഘടനകളുടേയും ചുമതലക്കാർ ശ്രദ്ധിക്കുക.
2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയൊ സെക്രട്ടറിയെയൊ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയൊ, സെക്രട്ടറിയെയൊ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.

| ഇടവകയിലെ സാധാരണ പരിപാടികൾ | |
|---|---|
| ഞായർ രാവിലെ 7.30 | സൺഡേസ്കൂൾ |
| ഞായർ രാവിലെ 9.30 | വിശുദ്ധ കുർബ്ബാന |
| ഞായർ ശുശ്രൂഷാനന്തരം | യുവജനസഖ്യം |
| ചൊവ്വ വൈകിട്ട് 4.30 | ഇടവകമിഷൻ |
| ബുധൻ രാവിലെ 10.30 | സേവികാസംഘം |
| വെള്ളി രാവിലെ 10.30 | ഉപവാസപ്രാർത്ഥന |
| 4-ാം ചൊവ്വ വൈകിട്ട് 4.30 | സീനിയർ സിറ്റിസൺ ഫെലോഷിപ്പ് |
| 2-ാം ഞായർ വൈകിട്ട് 5.00 | യംഗ് വിമൻസ് ഫെലോഷിപ്പ് |
| ശനി വൈകിട്ട് 5.00 | ഗായകസംഘ ഗാനപരിശീലനം |

**മാസത്തിലെ 4-ാം വ്യാഴാഴ്ച രാവിലെ 10 മണിക്ക്**
**പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ**
**നേതൃത്വത്തിൽ ഭവന സന്ദർശനം**




For Private Circulation Only

RED Media | 8281 656 412